# പതിനാലാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3582**　　　　**20.06.2018-ൽ മറുപടിക്ക്**

**<u>ചികിത്സാപിഴവ് മൂലം മരണം</u>**

| **ചോദ്യം**<br>**ശ്രീ. വി.പി. സജീന്ദ്രൻ** | | **മറുപടി**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ ശസ്ത്രക്രിയയ്ക്ക് വിധേയമായതിനെ തുടർന്ന് ഉണ്ടായ ചികിത്സാപിഴവ് മൂലം ശോഭ എന്നയാൾ മരണമടഞ്ഞ സംഭവത്തെ തുടർന്ന് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് വർക്കല കരനിലക്കോട് വി.എസ്. ഭവനിൽ ശ്രീ. വാസവൻ നൽകിയ നിവേദനത്തിന്മേൽ (No. 2474591/ 2018/M(H) എന്ത് നടപടികൾ സ്വീകരിച്ചു; വിശദവിവരം വ്യക്തമാക്കാമോ; | (എ) പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) -ഇൻ ചാർജ്ജ് പ്രാഥമികാന്വേഷണം നടത്തി യിട്ടുണ്ട്. |
| (ബി) | മരണ കാരണം സംബന്ധിച്ച് എന്തെങ്കിലും കണ്ടെത്തൽ നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ; | (ബി) ശ്വാസനാവയവങ്ങളിലെ നീർക്കെട്ട് അലർജികളോടുള്ള ശരീരത്തിന്റെ പ്രതി പ്രവർത്തനത്തിൽ നിന്നുണ്ടായതാകാം, എന്നും ശ്വാസകോശത്തിൽ ഉണ്ടായതായി പറയപ്പെടുന്ന മാറ്റങ്ങൾ (Consolidation) സർജറിക്ക് ശേഷം കൂടുതൽ സമയം കിടന്നുകൊണ്ട് പരിചരണം ലഭിച്ച രോഗികൾക്ക് ഉണ്ടാകാൻ സാദ്ധ്യത ഉണ്ടെങ്കിലും സാധാരണ ഗതിയിൽ ആയത് മരണത്തിന് കാരണമാകാറില്ല എന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ട് വിശകലനം ചെയ്തതിൽ നിന്നും അനുമാനിക്കാവുന്നതാണ് എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന സർജറിയുടെ ഭാഗമായുണ്ടായ സങ്കീർണ്ണത ചികിത്സാപിഴവായി കണക്കാക്കാൻ കഴിയില്ല. |
| (സി) | മരണത്തിന് കാരണം ചികിത്സ പിഴവാണെങ്കിൽ കുറ്റക്കാർക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**